*Celebrating Extraordinary Missionary Month October 2019…*

**Sunday, 27 October 2019**

Mt 22:23-33

**Fr. Mathew Anatharackal CMI**

യേശുവിന്റെ പരസ്യജീവിതത്തിന്റെ അന്ത്യത്തിൽ യഹൂദനേതാക്കന്മാർ പലരും യേശുവിനെ ഉത്തരം മുട്ടിക്കുവാനായി ജനമദ്ധ്യത്തിൽ അവിടുത്തെ പരീക്ഷിക്കുവാനായി പല ചോദ്യങ്ങളും ചോദിക്കുന്നതായി സുവിശേഷത്തിൽ നാം കാണുന്നുണ്ട്. ഇന്നത്തെ വചനഭാഗത്ത് നാം കാണുന്നതുപോലെ ഔദ്യോഗിക മതനേതാക്കളായ സദ്ദുക്കായരുടെ പ്രതിനിധികൾ യേശുവിനെ ജനമദ്ധ്യത്തിൽ അപഹാസ്യനാക്കാൻ വേണ്ടി പുനരുത്ഥാനത്തെ സംബന്ധിക്കുന്ന ചോദ്യങ്ങൾ ഉന്നയിക്കുന്നതായി കാണാം.

സദ്ദുക്കായർ പുനരുത്ഥാനമില്ലെന്ന് വിശ്വസിക്കുന്നവരാണ്. ദാവീദിന്റെയും പിന്നീട് സോളമന്റെയും കാലത്ത് പുരോഹിതനായിരുന്ന സാദോക്കിന്റെ പരമ്പരയാണ് സദ്ദുക്കായർ. അധികാരവും സമ്പത്തും ഉള്ളവരായിരുന്നു അവർ. വിശ്വാസത്തിന്റെ കാര്യത്തിൽ സ്വതന്ത്രചിന്താഗതി ഉണ്ടായിരുന്ന ഈ കൂട്ടർ മരിച്ചവരുടെ പുനരുത്ഥാനത്തിൽ വിശ്വസിച്ചിരുന്നില്ല. മോശയുടെ പഞ്ചഗ്രന്ഥി മാത്രമേ ബൈബിളിന്റെ ഭാഗമായി അവർ അംഗീകരിച്ചിരുന്നുള്ളൂ. മരണത്തോടെ എല്ലാം അവസാനിച്ചെന്ന് സദ്ദുക്കായർ പഠിപ്പിച്ചിരുന്നു. അതിനാൽ ഈ ജീവിതം കഴിയുന്നത്ര ആസ്വദിക്കുക, ആഘോഷിക്കുക, എന്ന നിലപാടാണ് അവർ സ്വീകരിച്ചിരുന്നത്. അന്ന് ഫരിസേയർ ശരീരത്തിന്റെ ഉയിർപ്പിൽ വിശ്വസിച്ചിരുന്നു. അത് ലോകാവസാനത്തിലേ സംഭവിക്കൂ എന്നായിരുന്നു അവരുടെ വിശ്വാസം. എന്നാൽ യേശുവിന്റെ പ്രബോധനത്തിലെ മുഖ്യവിഷയം പുനരുത്ഥാനവും, നിത്യജീവനുമായിരുന്നു. വി. പൗലോസ് ശ്ലീഹ പറയുന്നു: “ക്രിസ്തുവിന്റെ ഉത്ഥാനമാണ് ക്രൈസ്തവജീവിതത്തിന്റെ അടിസ്ഥാനം"(1 കൊറി 15:17). യേശുവിന്റെ ഉത്ഥാനത്തിലുള്ള അടിയുറച്ച വിശ്വാസമാണ് ക്രിസ്തീയജീവിതം നയിക്കുന്നവർക്ക് എന്നും പ്രത്യാശയും, പ്രതീക്ഷയും.

യുക്തിയും വിശ്വാസവും തമ്മിലുള്ള ഏറ്റുമുട്ടലാണ് ഇന്നത്തെ വായനയിൽ നാം കാണുക. സദ്ദുക്കായരുടെ ചിന്താഗതികൾ ഉള്ളവരുടെ ഇടയിലേക്കാണ് “ഞാൻ പുനരുത്ഥാനവും ജീവനുമാണ്" എന്ന് പറഞ്ഞുകൊണ്ട് യേശുനാഥൻ കടന്നുവരുന്നത്. ഇവരുടെ ചിന്താഗതിക്ക് മറുപടിയായി വിശുദ്ധ ലിഖിതത്തെയും, ദൈവത്തിന്റെ ശക്തിയേയും മനസ്സിലാക്കേണ്ടത് വെറും മാനുഷികയുക്തികൊണ്ട് മാത്രം പറ്റില്ലെന്ന് യേശുനാഥൻ അവരെ പഠിപ്പിക്കുന്നു. പുനരുത്ഥാനത്തിൽ എല്ലാവരും ദൈവദൂതന്മാരെപോലെയായിരിക്കും. “അവിടെ വിവാഹം ചെയ്യുകയോ ചെയ്തുകൊടുക്കുകയോ ഇല്ല, പിന്നെയോ അവർ ദൈവദൂതന്മാരെ പോലെ ആയിരിക്കും” (മത്താ 22:29). ഉത്ഥിതശരീരത്തിന് മൂന്നു ഗുണങ്ങൾ ഉള്ളതായി സഭാപിതാക്കന്മാർ പഠിപ്പിച്ചിരുന്നു. ഒന്നാമതായി അക്ഷയം: ക്ഷയമില്ലാത്ത അവസ്ഥ. രോഗമോ മറ്റു കുറവുകളോ

ഉണ്ടായിരിക്കുകയുമില്ല, എന്നേയ്ക്കും ജീവിക്കും. രണ്ടാമതായി ലഘുത്വം: ശരീരം സ്ഥലകാലപരിമിതികൾക്ക് അതീതമായിരിക്കും. എപ്പോഴും ദൈവത്തോടുകൂടെയായിരിക്കും. മൂന്നാമതായി ദീപ്തി: പ്രകാശമാനമായിരിക്കും ഈ ശരീരം. ദൈവീകമഹത്വത്തിൽ പങ്കുചേരുന്ന ഉത്ഥിതർ സൂര്യനെപ്പോലെ പ്രശോഭിയ്ക്കും.

യേശുവിന്റെ ഉത്ഥാനം വഴി സ്നേഹത്തിനാണ് വിദ്വേഷത്തെക്കാൾ ശക്തിയെന്ന് തെളിയിച്ചു. അവിടുന്ന് മരിച്ചവരിൽ നിന്ന് ഉത്ഥാനം ചെയ്തില്ലായിരുന്നുവെങ്കിൽ മനുഷ്യ വിദ്വേഷം ദൈവത്തിന്റെ സ്നേഹത്തെ പരാജയപ്പെടുത്തിയെന്ന് കണക്കാക്കുമായിരുന്നു.

പുനരുത്ഥാനത്തിലുള്ള വിശ്വാസമാണ് ക്രിസ്തീയജീവിതത്തിന്റെ മൂലക്കല്ല്. യേശുവിന്റെ ഉത്ഥാനത്തിലൂടെ അത് സ്ഥിരീകരിച്ചു. ഒന്നേ ചെയ്യേണ്ടതുള്ളൂ: യേശുവിൽ വിശ്വസിക്കുക. തിന്മയേക്കാൾ നന്മയ്ക്കാണ് ശക്തിയെന്ന് അവിടുത്തെ ഉത്ഥാനം നമ്മെ പഠിപ്പിക്കുന്നു. അവിടുന്ന് ജീവിക്കുന്നത് വിശ്വാസികളായ നമ്മിലൂടെയാണ്. ആയതിനാൽ ഉത്ഥിതനായ യേശുവിൽ വിശ്വസിച്ച് നാം ജീവിക്കുന്ന സാഹചര്യങ്ങളെ കൂടുതൽ സവിശേഷമാക്കാൻ നമുക്ക് തീരുമാനമെടുക്കാം. ഉത്ഥിതനായ യേശു നമ്മെ അനുഗ്രഹിക്കട്ടെ.

*Published by*
CMI General Department of Evangelization and Pastoral Ministry